പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7517 — 14.07.2014- ൽ മറുപടിക്ക്

## പ്രത്യാശ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനിതകൾക്കായി 'പ്രത്യാശ' എന്ന പേരിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കുന്ന വിവാഹധനസഹായ പദ്ധതിയാണ് 'പ്രത്യാശ'. 22 വയസ്സ് പൂർത്തിയായ 60,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. അംഗ പരിമിതർ, നിത്യരോഗികളായവർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകർക്കാണ് ധനസഹായത്തിനായി മുൻഗണന നൽകുന്നത്. 50,000/- രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിച്ച് വരുന്നത്. |
| (സി) | പദ്ധതിയുമായി ഏതെല്ലാം സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ട്; അവയുടെ പേരും പ്രവർത്തന രീതിയും വിശദമാക്കുമോ; | (സി) | നിലവിൽ മലബാർ ഗോൾഡ് & ഡയമണ്ട്സ് എന്ന ഒരു സ്വകാര്യ ഏജൻസിയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. പദ്ധതി ചെലവിന്റെ 50% കേരള സാമൂഹ്യ സുരക്ഷാ മിഷനും, 50% മലബാർ ഗോൾഡ് & ഡയമണ്ട്സും വഹിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | 3071 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെപറയും പ്രകാരമാകുന്നു. |

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 598 |
| കൊല്ലം | 94 |
| പത്തനംതിട്ട | 26 |
| ആലപ്പുഴ | 220 |

| | |
|---|---|
| കോട്ടയം | 231 |
| ഇടുക്കി | 100 |
| എറണാകുളം | 210 |
| തൃശ്ശൂർ | 156 |
| പാലക്കാട് | 82 |
| മലപ്പുറം | 212 |
| കോഴിക്കോട് | 339 |
| വയനാട് | 198 |
| കണ്ണൂർ | 136 |
| കാസർഗോഡ് | 469 |
| ആകെ | 3071 |

(ഇ) എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

(ഇ) 594 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ജില്ല | ധനസഹായം അനുവദിച്ചത് |
|---|---|
| തിരുവനന്തപുരം | 225 |
| കൊല്ലം | 31 |
| പത്തനംതിട്ട | 10 |
| ആലപ്പുഴ | 65 |
| കോട്ടയം | 62 |
| ഇടുക്കി | 27 |
| എറണാകുളം | 14 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 12 |
| മലപ്പുറം | 60 |
| കോഴിക്കോട് | 48 |
| വയനാട് | 8 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 19 |
| ആകെ | 594 |

സെക്ഷൻ ഓഫീസർ